VII സബ്മിഷൻ

1. കൺസ്യൂമർഫെഡിന്റെ സംരക്ഷണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വിലക്കയറ്റം കൊണ്ട് നട്ടംതിരിയുന്ന ജനങ്ങൾക്ക് തെല്ല് ആശ്വാസം നൽകിവന്നിരുന്ന കൺസ്യൂമർഫെഡ് ഇന്ന് തകർച്ച നേരിടുകയാണ്. ഗവൺമെന്റിന്റെയും മാനേജ്മെന്റിന്റെയും നയങ്ങളുടെ പാളിച്ചയും കെടുകാര്യസ്ഥതയുമാണ് ഇതിനുകാരണം. ഗവൺമെന്റ് നിർദ്ദേശ പ്രകാരം നടത്തിയ സബ്സിഡി വിൽപ്പനയുടെ ഭാഗമായി 420 കോടിയോളം രൂപയാണ് ഗവൺമെന്റിൽനിന്നും കൺസ്യൂമർഫെഡിന് നൽകാനുള്ളത്. ഈ തുക ലഭിക്കാത്തതിനാൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ് ഈ സ്ഥാപനം. കൺസ്യൂമർഫെഡ് വിതരണക്കാരിൽനിന്നു വാങ്ങിയ സാധനങ്ങളുടെ വിലയായി 350 കോടിയോളം രൂപ കൊടുത്തു തീർക്കാനുണ്ട്. ഇത് നൽകാത്തതുമൂലം വിതരണക്കാർ സാധനങ്ങൾ നൽകുന്നതിന് തയ്യാറാകുന്നില്ല. വിൽപ്പന കേന്ദ്രങ്ങളിൽ സാധനങ്ങൾ ഇല്ലാത്തതിനാൽ വ്യാപാരം നടക്കാതെ സ്ഥാപനം പൂട്ടിയിടുന്ന സ്ഥിതിയിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു. വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നായി 480 കോടിയോളം രൂപ കൺസ്യൂമർഫെഡ് വായ്പയായും ഡെപ്പോസിറ്റായും വാങ്ങിയിട്ടുണ്ട്. ഇവയുടെ പലിശ മാത്രം ഒരു വർഷം 42 കോടി രൂപയിലധികം വരും. പലിശയും മുതലും കൊടുക്കാത്തതിനാൽ ഈ സഹകരണ സ്ഥാപനങ്ങൾ കൺസ്യൂമർഫെഡിനെതിരെ കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ധനപ്രതിസന്ധിമൂലം കൺസ്യൂമർഫെഡിന്റെ പ്രവർത്തനം ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇതിനുപുറമേ ഈ സർക്കാർ പുറംവാതിലിലൂടെ നാലായിരത്തിലധികം ദിവസ വേതനക്കാരെയും മാനേജ്മെന്റ് ട്രെയിനികളെയും നിയമിച്ചിട്ടുണ്ട്. ഇവർക്ക് ശമ്പളം നൽകുന്നതിനുമാത്രം 41 കോടി രൂപ ഒരു വർഷം ആവശ്യമാണ്. ജീവനക്കാരുടെ പെരുപ്പംമൂലം വിറ്റുകിട്ടുന്ന തുക വേതനത്തിനും ശമ്പളത്തിനുംപോലും തികയാതെ വരികയും സ്ഥാപനം തകർച്ചയിലേയ്ക്ക് പോവുകയും ചെയ്യുന്നു. ഈ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ സമരത്തിലാണ്. കൺസ്യൂമർഫെഡ് എന്ന ജനകീയ സഹകരണ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനും വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് ആശ്വാസകരമായ ഈ സ്ഥാപനം നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. കൂടാതെ സർക്കാർ കൺസ്യൂമർഫെഡിന് കൊടുത്തുതീർക്കേണ്ട 420 കോടി രൂപ അടിയന്തരമായി കൊടുത്തുതീർക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സംസ്ഥാനത്ത് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് കൺസ്യൂമർഫെഡ്

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുവരുന്നു. ഈ ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിനായി ത്രിവേണി, നീതി, നൻമ സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയുൾപ്പെടെയുള്ള യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങൾ പൊതുവിപണി വിലയെക്കാൾ 20 ശതമാനം വിലക്കുറവിൽ വർഷം മുഴുവനും വിൽപ്പന നടത്തുന്നതിനായി 865 നൻമ സ്റ്റോറുകൾ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ 20-30 ശതമാനം വരെ സബ്സിഡിയോടെ വിപണന മേളകൾ കൺസ്യൂമർഫെഡ് നടത്തിവരുന്നു. ഉത്സവകാലത്ത് ഗവൺമെന്റ് സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ മുൻ സർക്കാർ നൽകേണ്ടിയിരുന്ന 372.74 കോടി രൂപയിൽ 117.71 കോടി രൂപ മാത്രമാണ് കഴിഞ്ഞ സർക്കാർ നൽകിയത്. 255.03 കോടി രൂപ കുടിശ്ശികയായിരുന്നു. മുൻ സർക്കാരിന്റെ അഞ്ചുവർഷക്കാലയളവിൽ 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാരിന്റെ മൂന്നര വർഷക്കാലയളവിൽ 229.50 കോടി രൂപ ഇതിനോടകം തന്നെ നൽകിക്കഴിഞ്ഞു. ഇതിനുപുറമെ, അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. സഹായവും ലഭ്യമാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കേണ്ടിയിരുന്ന ബാധ്യത 255.03 കോടി രൂപയുൾപ്പെടെ ലഭ്യമാകാതിരുന്നത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കൺസ്യൂമർഫെഡിന് ലഭിക്കാത്തതുമൂലം സാധനങ്ങൾ ലഭ്യമാക്കി യഥാസമയം വ്യാപാരികൾക്ക് തുക നൽകാൻ കഴിയാത്തതും ബാങ്കുകളിൽ നിന്ന് ലഭിച്ച തുകയ്ക്ക് ഭീമമായ തുക പലിശ നൽകേണ്ടി വരുന്നതും കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ട്. ഇന്ന് ഉച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഉന്നതതല യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനിലൂടെ ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ ഈ യോഗത്തിൽ ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

2. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സ്മാരകം

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, വിശ്വപൗരനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അവർകൾക്ക് എറണാകുളത്ത് ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ സഭയുടെ പൊതു വികാരമായി ഇത് അംഗീകരിക്കണമെന്നാണ് എന്റെ ആവശ്യം. ആദ്യ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly